**കേരളസർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**
**ശാന്തി നഗർ, തിരുവനന്തപുരം– 695001**

## പത്രക്കുറിപ്പ്

## കേരള എഞ്ചിനീയറിംഗ്/ഫാർമസി കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷ (കീം –2022)–ജൂലൈ 04 ന്

2022 അദ്ധ്യയന വർഷത്തെ എഞ്ചിനീയറിംഗ്/ഫാർമസി കോഴ്സിലേക്കുള്ള പ്രവേശന പരീക്ഷയായ കീം 2022 ജൂലൈ 04, 2022 ന് സംസ്ഥാനത്തെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ദുബായ്, ഡൽഹി, മുംബൈ എന്നിവിടങ്ങളിലുമായി നടക്കുന്നു. സംസ്ഥാനത്ത് ആകെ 343 പരീക്ഷാ കേന്ദ്രങ്ങൾ ഉൾപ്പെടെ ആകെ 346 പരീക്ഷാകേന്ദ്രങ്ങളിലായി 122083 വിദ്യാർത്ഥികൾ പരീക്ഷ എഴുതുന്നു. പേപ്പർ 1 (ഫിസിക്സ് & കെമിസ്ട്രി) രാവിലെ 10.00 മുതൽ 12.30 വരെയും, പേപ്പർ 2 (മാത്തമാറ്റിക്സ്) ഉച്ചയ്ക്ക് 2.30 മുതൽ വൈകുന്നേരം 5.00 മണി വരെയുമാണ് നടക്കുന്നത്. ഫാർമസി കോഴ്സിലേക്കുള്ള പ്രവേശനത്തിന് മാത്രം അപേക്ഷിച്ച വിദ്യാർത്ഥികൾ രാവിലെ നടക്കുന്ന പേപ്പർ 1 (ഫിസിക്സ് & കെമിസ്ട്രി) പരീക്ഷ മാത്രം എഴുതിയാൽ മതിയാകും. വിദ്യാർത്ഥികൾ അഡ്മിറ്റ് കാർഡ് കൂടാതെ ഡ്രൈവിംഗ് ലൈസൻസ്, പാസ്പോർട്ട്, പാൻ കാർഡ്, ഇലക്ഷൻ ഐഡി, ഫോട്ടോ പതിച്ച ദേശസാൽകൃത ബാങ്ക് പാസ്ബുക്ക്, ആധാർകാർഡ്, ഇ ആധാർ, പന്ത്രണ്ടാം ക്ലാസിലെ ഫോട്ടോ പതിച്ച ഹാൾടിക്കറ്റ്, വിദ്യാർത്ഥി പ്ലസ് ടു പഠനം പൂർത്തിയാക്കിയ സ്ഥാപന മേധാവി നൽകുന്ന വിദ്യാർത്ഥിയുടെ ഫോട്ടോ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് അല്ലെങ്കിൽ ഒരു ഗസറ്റഡ് ഓഫീസർ നൽകുന്ന ഫോട്ടോ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് എന്നിവയിൽ ഏതെങ്കിലും ഒരു തിരിച്ചറിയൽ രേഖ കരുതേണ്ടതാണ്. പരീക്ഷാർത്ഥികൾക്കുള്ള അഡ്മിറ്റ് കാർഡുകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. കേരളത്തിലെ സർക്കാർ/കോസ്റ്റ് ഷെയറിംഗ്/സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ഫാർമസി കോളേജുകളിലേക്കുള്ള പ്രവേശനം കീം 2022 പ്രവേശന പരീക്ഷയുടെ റാങ്ക് ലിസ്റ്റിനെ അടിസ്ഥാനമാക്കിയാണ് നടത്തുന്നത്.

പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിദ്യാലയങ്ങളാണ് പരീക്ഷാ കേന്ദ്രങ്ങളായി തെരഞ്ഞെടുത്തിരിക്കുന്നത്. പ്രവേശന പരീക്ഷ നടക്കുന്നത് പ്രവർത്തി ദിനമായതിനാൽ പരീക്ഷാ കേന്ദ്രങ്ങൾക്ക് ജൂലൈ 04 ാം തീയതി സർക്കാർ അവധി പ്രഖ്യാപിച്ചിട്ടുണ്ട്. പരീക്ഷാ കേന്ദ്രങ്ങളിൽ പരീക്ഷ സുഗമമായി നടത്തുന്നതിനാവശ്യമായ ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പ് പുറപ്പെടുവിക്കുന്ന കോവിഡ് മാനദണ്ഡങ്ങൾ അനുസരിച്ചായിരിക്കും പ്രവേശന പരീക്ഷ നടത്തുന്നത്. ഇതിനായി പരീക്ഷാ കേന്ദ്രങ്ങളിൽ കോവിഡ് സ്പെഷ്യൽ ഡ്യൂട്ടിക്കായി

പ്രത്യേക അദ്ധ്യാപകരെ നിയോഗിക്കുന്നതിന് ചീഫ് സൂപ്രണ്ടുമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കോവിഡ് മാനദണ്ഡങ്ങൾ പാലിക്കുന്നതിനായി സ്കൂളുകൾക്ക് പ്രത്യേക തുക അനുവദിച്ചിട്ടുമുണ്ട്. കോവിഡ് പോസിറ്റീവ് കേസുകൾ കൂടുന്ന സാഹചര്യത്തിൽ മുൻകരുതൽ എന്ന നിലയിലാണ് ഇത്തരം നടപടികൾ സ്വീകരിച്ചിരിക്കുന്നത്.

ഓരോ ജില്ലയിലെയും പരീക്ഷാ കേന്ദ്രങ്ങളുടെ എണ്ണവും വിദ്യാർത്ഥികളുടെ എണ്ണവും താഴെ കൊടുക്കുന്നു.

| **ജില്ലകൾ** | **പരീക്ഷാ കേന്ദ്രങ്ങളുടെ എണ്ണം** | **വിദ്യാർത്ഥികളുടെ എണ്ണം** |
|---|---|---|
| തിരുവനന്തപുരം | 41 | 15283 |
| കൊല്ലം | 32 | 11748 |
| പത്തനംതിട്ട | 12 | 4070 |
| ആലപ്പുഴ | 25 | 6845 |
| കോട്ടയം | 27 | 7033 |
| ഇടുക്കി | 8 | 2496 |
| എറണാകുളം | 39 | 12060 |
| തൃശ്ശൂർ | 38 | 12194 |
| പാലക്കാട് | 17 | 7013 |
| മലപ്പുറം | 31 | 13824 |
| കോഴിക്കോട് | 35 | 13562 |
| വയനാട് | 6 | 2191 |
| കണ്ണൂർ | 24 | 9774 |
| കാസർഗോഡ് | 8 | 3110 |
| ഡൽഹി | 1 | 339 |
| മുംബൈ | 1 | 175 |
| ദുബായ് | 1 | 366 |

വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെയാണ് പരീക്ഷ നടക്കുന്നത്. പോലീസ്, ഫയർ ഫോഴ്സ്, വൈദ്യുതി, ആരോഗ്യം തുടങ്ങിയ എല്ലാ വകുപ്പുകളുടേയും സഹായം പ്രവേശന പരീക്ഷ നടത്തുന്നതിന് അഭ്യർത്ഥിച്ചിട്ടുണ്ട്. പരീക്ഷ സുഗമമായി നടത്തുന്നതിനായി ഏതാണ്ട് എല്ലാ ജില്ലകളിലെയും ജില്ലാ കളക്ടർമാർ വിവിധ വകുപ്പുകളുടെ യോഗം വിളിക്കുകയും ആവശ്യമായ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

ഹെൽപ് ലൈൻ നം. 0471 2525300

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.06.30 09:26:24 IST
Reason: Approved

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
**30/06/2022**